# പതിനൊന്നാം കേരള നിയമസഭ
## നാലാം സമ്മേളനം
2002 ജൂൺ 28–ാം തീയതി വെള്ളിയാഴ്ച
(ആകെ ചോദ്യങ്ങൾ – 14)

**(255) ജനാധിപത്യ അവബോധം നൽകുന്ന പരിപാടികൾ**
**(256) ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തന്നതിനായി സെമസ്റ്റർ സമ്പ്രദായം**
**(257) ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് രൂപീകരിക്കാൻ നടപടി**
**(258) ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ നടപടി**
**(259) വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങളിലുണ്ടായ മാറ്റം**
**(260) പൊതുമരാമത്തു വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി**
**(261) പാട്ടത്തിന് നൽകിയ റവന്യൂ ഭൂമി**
**(262) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ പഠനം**
**(263) ബാലനിയമത്തിൽ വരുത്തിയ ഭേദഗതി**
**(264) സൗജന്യനിയമസഹായം ലഭിക്കുന്നതിനുള്ള സംവിധാനം**
**(265) മലയോര കർഷകർക്ക് പട്ടയം നൽകുവാൻ നടപടി**
**(266) വിദ്യാഭ്യാസ നയം**
**(267) യു.ജി.സി. പാക്കേജിന് അനുസൃതമായ അധ്യയനം**
**(268) നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡം**

### ജനാധിപത്യ അവബോധം നൽകുന്ന പരിപാടികൾ

255. ശ്രീ. തമ്പാനൂർ രവി :
ശ്രീ. കെ. മോഹൻ കുമാർ :
ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീമതി മേഴ്സി രവി താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്ററി ക്രമത്തെക്കുറിച്ചും പാർലമെന്ററി സ്ഥാപനങ്ങളെക്കുറിച്ചും വളർന്നുവരുന്ന തലമുറയ്ക്ക് അവബോധം വളർത്തുന്നതിന് എന്തെങ്കിലും പരിപാടികൾ നടപ്പാക്കാനുദ്ദേശ്യമുണ്ടോ;

(ബി) സ്ക്കൂളുകളിലും കോളേജുകളിലും പാർലമെന്ററി സ്ഥാപനങ്ങളോടും പാർലമെന്ററി ക്രമത്തോടും ബന്ധപ്പെട്ട കാര്യങ്ങളെപ്പറ്റി സബ്ജില്ലാ, ജില്ലാ, സംസ്ഥാന തലങ്ങളിൽ ക്വിസ് മൽസരം നടത്താൻ പരിപാടിയുണ്ടോ;

(സി) സ്ക്കൂളുകളിലും കോളേജുകളിലും മാസത്തിലൊരിക്കൽ മോക്ക് പാർലമെന്റുകൾ നടത്താനും ജില്ലാ സംസ്ഥാന തലത്തിൽ മത്സരങ്ങൾ നടത്താനും പര്യാപ്തമായ വിധത്തിൽ നടപടി സ്വീകരിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) നിലവിലുള്ള പാഠപുസ്തകത്തൽ ഇത് സംബന്ധിച്ചുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിദ്യാർത്ഥി യൂനിയൻ തെരഞ്ഞെടുപ്പ്, സർവ്വകലാശാലകളിൽ വിദ്യാർത്ഥി പ്രതിനിധികളുടെ പ്രാതിനിധ്യം മുതലായവ ഇതുമായി ബന്ധപ്പെട്ടവയാണ്. ജനാധിപത്യം, ഭരണഘടന, സംസ്ഥാന കേന്ദ്ര ഗവൺമെന്റുകൾ, രാഷ്ട്രപതി, പ്രധാനമന്ത്രി, ഗവർണർ, മുഖ്യമന്ത്രി, ജനപ്രതിനിധികൾ, നിയമനിർമ്മാണം, നീതിന്യായം, ഭരണസംവിധാനത്തിന്റെ ഘടന, നിയമസഭ, ലോകസഭ, രാജ്യസഭ, തിരഞ്ഞെടുപ്പ്, മന്ത്രിസഭ, സിവിൽ സർവ്വീസ്, കോടതികൾ, ഗ്രാമസഭ മുതൽ പാർലമെന്റ് വരെയുള്ള ഘടകങ്ങൾ, മറ്റുരാജ്യങ്ങളിലെ തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ, പൗരധർമ്മം എന്നിവ വിവിധ ക്ളാസ്സുകളിൽ പഠിപ്പിക്കുന്നുണ്ട്.

(ബി) സ്കൂളുകളിൽ, സബ് ജില്ലാ, സംസ്ഥാന തലങ്ങളിൽ സോഷ്യൽ സയൻസ് ക്ളാസുകളുടെ ആഭിമുഖ്യത്തിൽ ഓരോ വർഷവും തെരഞ്ഞെടുക്കുന്ന സാമൂഹ്യ ശാസ്ത്ര സംബന്ധിയായ വിഷയങ്ങളിൽ ക്വിസ് മത്സരം നടത്താറുണ്ട്. ഈ വിഷയവും അതിൽ ഉൾക്കൊള്ളിക്കുന്നതാണ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ ഉള്ള സ്ഥാപനങ്ങളിൽ പാർലമെന്ററി ക്രമത്തോടും, സ്ഥാപനങ്ങളോടും അവബോധം വളർത്തുന്ന വിധത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്വിസ് മത്സരം നടത്താറുണ്ട്.

(സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തൽക്കാലം പരിഗണനയിലില്ല.

## ഉന്നതവിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി സെമസ്റ്റർ സമ്പ്രദായം

256. ശ്രീ. കെ. പി. സതീശ്ചന്ദ്രൻ :

ഡോ. തോമസ് ഐസക് :

ശ്രീ. പി. സി. ജോർജ് :

ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസം മെപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ബിരുദാനന്തര ബിരുദരംഗത്ത് സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതിന്റെ ഗുണഫലം വിലയിരുത്തിയിട്ടുണ്ടോ;

(സി) സെമസ്റ്റർ സമ്പ്രദായം ബിരുദരംഗത്ത് കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വർഷം മുതൽ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) കേരളത്തിലെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി വിവിധ പരിപാടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. അക്കാഡമിക് തലത്തിലും ഭരണതലത്തിലും വേണ്ട ഉപദേശം നൽകുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുക, മെച്ചപ്പെട്ട കോളേജുകൾക്ക് സ്വയം ഭരണാധികാരം നൽകുക, നൂതനമായ കോഴ്സുകൾ ആരംഭിക്കുക, നിലവിലുള്ള കോഴ്സുകൾ പുനഃസംഘടിപ്പിക്കുക, സാങ്കേതിക വിദ്യാഭ്യാസം, വിവര സാങ്കേതിക വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ സമൂലമായ പരിഷ്കാരപദ്ധതികൾ ആരംഭിക്കുക എന്നീ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്.

(ബി) ഔപചാരികമായ ഒരു വിലയിരുത്തൽ നടത്തിയിട്ടില്ല.

(സി) കേരള സർവ്വകലാശാല 2003-04 അദ്ധ്യയന വർഷം മുതൽ ബിരുദതലത്തിലും സെമസ്റ്റർ സംപ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയിലും കാലടി സംസ്തൃത സർവ്വകലാശാലയിലും ബിരുദ തലത്തിൽ സെമസ്റ്റർ സംപ്രദായം നടപ്പിലാക്കിയട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ സെമസ്റ്റർ സംപ്രദായത്തിലാണ്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ എൻജിനീയറിംഗ് ബിരുദ കോഴ്സുകളിൽ ആർക്കിടെക്ചർ ഒഴികെയുള്ളവ സെമസ്റ്റർ സംപ്രദായത്തിലാണ് നടത്തിവരുന്നത്.

## ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് രൂപീകരിക്കാൻ നടപടി

257. ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങളിലെ ഗുണനിലവാരം പരിശോധിക്കുന്നതിന് "ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പ് " രൂപവൽക്കരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഇപ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ ആരോക്കെ ഉൾപ്പെടുമെന്നും വ്യക്തമാക്കാമോ?

**ഉത്തരം**

**ശ്രീ. എം. കെ. മുനീർ (മരാമത്ത് വകുപ്പുമന്ത്രി) :-**

(എ),(ബി)& (സി) റോഡ്, പാലം പണികളുടെ ഗുണനിലവാരം സംബന്ധിച്ച് പ്രത്യേക മേൽനോട്ടം വഹിക്കുന്നതിന് ചീഫ് എൻജിനീയറുടെ നിയന്ത്രണത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ നടപടി

258. പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വർക്കല കഹാർ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ കൗൺസിൽ എന്നു രൂപീകരിക്കും;

(ബി) ഈ കൗൺസിലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പുമന്ത്രി) :-**

(എ) ഉദ്ദേശിക്കുന്നുണ്ട്. ഇതിനുള്ള നിയമനിർമ്മാണം കഴിവതും വേഗം നടത്താനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ നയപരവും ഭരണപരവുമായ കാര്യങ്ങളിൽ ഉപദേശവും ശുപാർശകളും നൽകുക എന്നതും സർവകലാശാലകളുടെയും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും പ്രവർത്തനം ഏകോപിപ്പിക്കുക എന്നതുമാണ് ഈ കൗൺസിലിന്റെ മുഖ്യ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങളിലുണ്ടായ മാറ്റം

259. ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. ബാബു :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിലെ മാറിക്കൊണ്ടിരിക്കുന്ന തൊഴിൽസാഹചര്യങ്ങൾ പ്രവാസിമലയാളികളെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) അവരുടെ തൊഴിലവസങ്ങളെയും വരുമാനത്തെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) ഇതിനെത്തുടർന്ന് പ്രവാസിമലയാളികൾ തിരിച്ചുവരേണ്ട സാഹചര്യമുണ്ടോ;

(ഡി) ഇവർ നാട്ടിക്കേയയ്ക്കുന്ന പണത്തിൽ കുറവുണ്ടായിട്ടുണ്ടോ;

(ഇ) ഇപ്പോൾ പ്രതിമാസം പ്രവാസിമലയാളികളിൽ നിന്ന് സംസ്ഥാനത്തെത്തുന്ന തുകയെത്രയെന്ന് വിശദമാക്കാമോ?

**ഉത്തരം**

**ശ്രീ. എം. എം. ഹസ്സൻ (ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) :-**

(എ)യും (ബി)യും (സി)യും വിദേശ രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിൽ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നതായി വാർത്താമാധ്യമങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധമായി ഔദ്യോഗിക വിവരങ്ങൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. തൊഴിൽ സാഹചര്യങ്ങളിലെ പ്രസ്തുത മാറ്റങ്ങൾ മൂലം പ്രവാസിമലയാളികൾ തിരിച്ചു വരേണ്ട സാഹചര്യത്തെക്കുറിച്ചോ തൊഴിലവസരങ്ങളുടെ പ്രതികൂലാവസ്ഥയെപ്പറ്റിയോ വിശദമായ പഠനങ്ങൾ ഒന്നും തന്നെ സർക്കാർ നടത്തിയിട്ടില്ല.

(ഡി) പ്രവാസിമലയാളികൾ നാട്ടിലേയ്ക്കയക്കുന്ന പണത്തിൽ കുറവുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഇ) കൃത്യമായ കണക്കുകൾ ലഭ്യമല്ല.

## പൊതുമരാമത്തു വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും നടപടി

260. ശ്രീ. എൻ. രാജൻ:
ശ്രീ. കെ. പി. രാജേന്ദ്രൻ:
ശ്രീ. എം. കുമാരൻ:
ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമായി ഒരു ഇൻസ്റ്റിറ്റ്യൂണൽ സ്ട്രെങ്തനിംഗ് ആക്ഷൻപ്ലാൻ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ആക്ഷൻ പ്ലാനിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. എം.കെ. മുനീർ (പൊതുമരാമത്ത് വകുപ്പ് മന്ത്രി):-**

(എ& ബി) പൊതുമരാമത്ത് വകുപ്പ് ആധുനികവൽക്കരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും വേണ്ടി ഒരു ഇൻസ്ററിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ വിവിധ ഘടകങ്ങൾ ഉൾപ്പെടുത്തുന്നതാണ് ഈ പ്ലാൻ. ഈ പ്ലാൻ അനുസരിച്ച് വകുപ്പിന്റെ ഘടനാമാറ്റം, പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് പ്രത്യേകമായ സെൽ രൂപീകരണം, ഒരു റോഡ് മെയ്ന്റനൻസ് മാനേജ്മെന്റ് സിസ്റ്റം രൂപീകരിക്കൽ, പുതിയ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കൽ തുടങ്ങിയ വിവിധങ്ങളായ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാട്ടത്തിന് നൽകിയ റവന്യൂ ഭൂമി

261. ശ്രീ. പി. ജയരാജൻ:
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ശ്രീ. ടി.കെ. ദേവകുമാർ:
ശ്രീ. കെ.കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ എത്രമാത്രം റവന്യൂഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്;

(ബി) പൊതുമേഖലാ സംരംഭങ്ങൾ, സ്വയം ഭരണ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ , സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയ്ക്ക് പാട്ടത്തിന് കൊടുത്തിട്ടുള്ള റവന്യൂ ഭൂമിയുടെ കണക്ക് ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓരോ ഇനത്തിനും ഓരോ ഹെക്ടറിന് നിശ്ചയിച്ചിട്ടുള്ള വാർഷിക പാട്ട നിരക്ക് എത്രയാണ്;

(ഡി) പ്രസ്തുത പാട്ടവാടക കൃത്യമായും ശേഖരിക്കുന്നുണ്ടോ;

(ഇ) ഈ ഇനത്തിൽ സർക്കാരിന് ലഭിക്കുവാനുള്ള കുടിശ്ശിക എത്രയാണ്;

(എഫ്) പ്രസ്തുത പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ജി). പാട്ടക്കാലാവധി തീർന്നതിനെ തുടർന്ന് അവ വീണ്ടും പുതുക്കി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യവും നിയമവും വകുപ്പ് മന്ത്രി):-**

(എ) സംസ്ഥാനത്ത് 2633.3938 ഹെക്ടർ റവന്യൂഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) ഭൂമിയുടെ ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(1) പൊതുമേഖലാ സ്ഥാപനങ്ങൾ പാട്ടത്തിന് കൊടുത്ത ഭൂമി: 386.8415 ഹെക്ടർ

(2) സ്വയംഭരണസ്ഥാപനങ്ങൾക്ക് പാട്ടത്തിന് കൊടുത്ത ഭൂമി : 50.8274 ഹെക്ടർ

(3) സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് കൊടുത്ത ഭൂമി : 1716.7096 ഹെക്ടർ

(4) സ്വകാര്യ സ്ഥാപനങ്ങ്ങൾക്ക് പാട്ടത്തിന് കൊടുത്ത ഭൂമി : 479.0155 ഹെക്ടർ

(സി) മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ജി.ഒ. (പി) 566/95/റവന്യൂ ഉത്തരവ് പ്രകാരം വാണിജ്യേതര ആവശ്യങ്ങൾക്ക് മാർക്കറ്റ് വിലയുടെ 10% നിരക്കിലും, വാണിജ്യാവശ്യങ്ങൾക്ക് മാർക്കറ്റ് വിലയുടെ 20% നിരക്കിലും ആണ് പാട്ടത്തിന്

നൽകുന്നത്. 19/12/1985-ലെ 1026/85 റവന്യൂ ഉത്തരവ് പ്രകാരമാണ് പാട്ടത്തിന് നൽകുന്നത്.

(ഡി) പാട്ടവാടക ശേക്കാൻ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഈ ഇനത്തിൽ 140,53,14,486 രൂപ കുടിശ്ശികയുണ്ട്.

(എഫ്) വസ്തുവകകൾ ജപ്തിചെയ്യൽ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) അർഹതപ്പെട്ട കേസുകളിൽ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ പഠനം

262. ശ്രീ. പി.എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി ഏർപ്പെടുത്തുന്ന കമ്പ്യൂട്ടർ പഠനത്തിന് ഗവൺമെന്റ് നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) ഈ അദ്ധ്യായന വർഷത്തിൽ എത്ര വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ പഠനം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി)കമ്പ്യൂട്ടർ പഠനത്തിന് പ്രത്യേക ഫീസ് ഏർപ്പെടുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയാണ് ഫീസ്;

(ഡി) പ്രത്യേക ഫീസ് ഏർപ്പെടുത്തുന്നത് സ്കൂൾ വിദ്യാഭ്യാസം സൗജന്യം എന്ന ഭരണഘടനാ അവകാശത്തിന്റെ നിഷേധമായിരിക്കില്ലേ; അതുകൊണ്ട് ഫീസ് വാങ്ങാനുള്ള തീരുമാനം ഉപേക്ഷിക്കുമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസ വകുപ്പ് മന്ത്രി):-**

(എ) 1. കമ്പ്യൂട്ടർ പഠന പദ്ധതികളുടെ ആദ്യഘട്ടത്തിൽ 41 ട്രെയിനിംഗ് സെന്ററുകൾ തെരെഞ്ഞെടുത്ത ഗവൺമെന്റ് ഹൈസ്ക്കൂളുകളിൽ സജ്ജമാക്കിയിട്ടുണ്ട്. ഈ സെന്ററുകളിൽ 3 മുതൽ 10 വരെ കമ്പ്യൂട്ടറുകളും ഒരു ലേസർ ജെറ്റ് പ്രിന്റും ഒരു യു.പി.എസ്. കൂടാതെ നെറ്റ്‌വർക്കിംഗ് സൗകര്യങ്ങളും നൽകിയിട്ടുണ്ട്.

2. സംസ്ഥാനത്തെ ഗവ. ഹൈസ്കൂളുകളിൽ നിന്നും തെരെഞ്ഞെടുത്ത 76 അദ്ധ്യാപകർക്ക് ഇന്റൽ കംപനിയുടെ സഹായത്തോടെ ട്രെയിനിംഗ് നൽകുകയും അവരെ മാസ്റ്റർ ട്രെയിനർമാരായി തെരെഞ്ഞെടുക്കുകയും ചെയ്തു.

3. ഇൻഫർമേഷൻ ടെക്നോളജി കമ്പ്യൂട്ടർ ഇവ കരിക്കുലത്തിന്റെ ഭാഗമക്കുന്നതിനായി, ഈ വർഷം 8-ാം ക്ലാസ്സിലേക്കുള്ള ഇൻഫർമേഷൻ ടെക്നോളജി ടെക്സ്റ്റ് ബുക്ക് തയ്യാറാക്കുകയും ഒരു ഹൈസ്ക്കൂളിന് 10 ടെക്സ്റ്റ്ബുക്ക് എന്ന രീതിയിൽ സൗജന്യമായി നൽകുന്നതിന് നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

4. സംസ്ഥാനത്തെ മുഴുവൻ ഹൈസ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാർക്കും, കമ്പ്യൂട്ടർ വിദ്യാഭ്യാസം നടപ്പാക്കുന്നതിന് അദ്ധ്യാപകരെ സജ്ജരാക്കുന്നതിന് വേണ്ടി എല്ലാ ഹൈസ്ക്കൂൾ അദ്ധ്യാപകർക്കും ഇന്റൽ കമ്പനിയുടെ സഹായത്തോടെ സൗജന്യമായി കമ്പ്യൂട്ടർ പരിശീലനം ട്രെയിനിംഗ് സെന്ററുകളിൽ വച്ച് നടന്നു വരുന്നു.

5. ഇനിയും കൂടുതൽട്രെയിനിംഗ് സെന്ററുകൾ സജ്ജമാക്കുന്നതിനായി പതിനൊന്നാം ധനകാര്യ കമ്മീഷൻ 35ട്രെയിനുംഗ് സെന്ററുകൾ കൂടി (ട്രൈബൽ, ബാക്ക് വേർഡ് റിമോട്ട് ഏരിയാകളിൽ) രൂപീകരിക്കുവാൻ അനുമതി നൽകുകയും അതിനുള്ള നടപടികൾ പുരോഗമിപ്പിച്ചു വരുകയും ചെയ്യുന്നു.

6. ഐ.റ്റി. അറ്റ് സ്കൂൾ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പി.റ്റി.എ.യുടെ സഹായത്തോടെ സ്വന്തമായി കമ്പ്യൂട്ടർ വാങ്ങുകയും അതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യുന്ന 150 ഗവൺമെന്റ് സ്കൂളുകൾക്ക് പ്രോൽസാഹനമെന്ന നിലയിൽ ഒരു ലക്ഷം രൂപ ധനസഹായം നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

7. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി കുട്ടികളിൽ നിന്നും തുച്ഛമായ ഫീസ് (പരമാവധി 25 രൂപ) പിരിച്ചുവെങ്കിലും എസ്.സി/എസ്/റ്റി കുട്ടികളെ പൂർണ്ണമായും ഫീസ് നൽകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഗവൺമെന്റിന്റെ സാമ്പത്തിക പരാധീനത കാരണം ഈ വർഷം തന്നെ എല്ലാ ഹൈസ്ക്കൂളുകളിലും കമ്പ്യൂട്ടർ പഠനം നടപ്പിലാക്കാൻ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. എന്നാൽ പി.റ്റി.എ.യുടെയും സ്വയംഭരണസ്ഥാപനങ്ങളുടെയും പ്രൈവറ്റ് മേഖലയിലുള്ള ഏജൻസികളുടേയും സഹായത്തിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 150 ലക്ഷം സ്കൂളുകൾക്കും മുൻഗണനാ പ്രകാരം ഒരു ലക്ഷം രൂപാ വീതം ധനസഹായം നൽകുവാൻ ഉത്തരവായിട്ടുണ്ട്. അതിൻ പ്രകാരം ഒരു ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കീഴിലുള്ള 5 ഹൈസ്ക്കൂളുകൾക്ക് മുൻഗണന പ്രകാരം ധനസഹായം ലഭിക്കുന്നതാണ്.

(സി) ഉണ്ട്. പരമാവധി 25 രൂപയാണ് കമ്പ്യൂട്ടർ പഠനത്തിനുവേണ്ടി ഒരു കുട്ടിയിൽ നിന്നും ഫീസിനത്തിൽ ഈടാക്കാൻ ഉദ്ദേശിക്കുന്നത്. എന്നാൽ പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഫീസിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

(ഡി) കേരള വിദ്യാഭ്യാസ നിയമത്തിൽ (അദ്ധ്യായം *11) വിദ്യാർത്ഥികളിൽനിന്ന് ഫീസ് ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം വിദ്യാർത്ഥികളിൽനിന്ന് ഈടാക്കുന്ന ഫീസ് അവർക്കു തന്നെ പ്രയോജനകരമായ വിധത്തിലാണ് വിനിയോഗിക്കുന്നത്. വിവര സാങ്കേതിക വിദ്യയിലുണ്ടായ മാറ്റം ഉൾക്കൊണ്ട് വിദ്യാർത്ഥികളെ പഠിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനാവശ്യമായ കമ്പ്യൂട്ടറുകളും മറ്റ് ഉപകരണങ്ങളും സജ്ജമാക്കുന്നതിനുവേണ്ടിയാണ് പരമാവധി 25 രൂപ പ്രതിമാസം വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്നത്. ഫീസ് ഈടാക്കുന്നതിൽ നിന്ന് എസ്.സി./എസ്.റ്റി വിഭാഗക്കാരെ ഒഴിവാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഫീസ് വാങ്ങാനുള്ള തീരുമാനം ന്യായീകരിക്കത്തക്കതാണ്,

## <u>ബാലനിയമത്തിൽ വരുത്തിയ ഭേദഗതി</u>

263. ശ്രീ. തോമസ് ചാഴികാടൻ:
ശ്രീ. കെ. നാരായണക്കുറുപ്പ്:
ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) കുട്ടികളുടെ അവകാശങ്ങളും നിയമപരിരക്ഷയും ഉറപ്പുവരുത്തുവാൻ നിലവിൽവന്ന ബാലനിയമത്തിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഭേദഗതികളോടുകൂടിയുള്ള ബാലനിയമം പ്രാബല്യത്തിൽ വന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി (റവന്യൂ-നിയമ വകുപ്പ് മന്ത്രി):-**

(എ) നിലവിലുള്ള ബാല നിയമത്തിൽ ഭേദഗതികൾ ഒന്നും വരുത്തിയിട്ടില്ല.
(ബി) ബാധകമല്ല.
(സി) ബാധകമല്ല.

## <u>സൗജന്യനിയമസഹായം ലഭിക്കുന്നതിനുള്ള സംവിധാനം</u>

264. ശ്രീ. ഉമേഷ് ചള്ളിയിൽ:
ശ്രീ. ഷിബു ബേബിജോൺ:
ശ്രീ. എ.എൻ. രാജൻബാബു:
ശ്രീ. ജോണി നെല്ലൂർ:
ശ്രീ. കെ.കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ നിർദ്ധനർക്ക് സൗജന്യനിയമസഹായം ലഭിക്കുന്നതിനുള്ള എന്തെങ്കിലും സംവിധാനം ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി(റവന്യൂ-നിയമ വകുപ്പുമന്ത്രി):-**

(എ) ഉണ്ട്.

(ബി) വാർഷിക വരുമാനം 25,000 (ഇരുപത്തി അയ്യായിരം) വരെയുള്ളവർക്ക് സംസ്ഥാന ലീഗൽ സർവ്വീസസ് അതോറിറ്റിയ്ക്കു കീഴിൽ പ്രവർത്തിക്കുന്ന ഹൈക്കോർട്ട്

ലീഗൽ സർവ്വീസസ് കമ്മിറ്റി, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റി എന്നിവ മുഖേന സൗജന്യ നിയമ സഹായം ഇപ്പോൾ നൽകിവരുന്നു.

## മലയോര കർഷകർക്ക് പട്ടയം നൽകുവാൻ നടപടി

265. ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. പി.കെ. അബ്ദു റബ്ബ്:
ശ്രീ. സി. മൊയിൻകുട്ടി:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ.പി .കെ.കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1977–ന് മുൻപ് കുടിയേറിയ മലയോര കർഷകർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരം മേഖലയിലെ കുടിയേറ്റക്കാർക്ക് പട്ടയം കൊടുക്കുവാൻ റവന്യൂ വകുപ്പ് വനംവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) വനം മേഖലയിലെ സ്വകാര്യഭൂമി വിലയ്ക്കുവാങ്ങി കൃഷിക്കാർക്ക് പട്ടയം കൊടുക്കുവാൻ വേണ്ടി കേന്ദ്രഗവൺമെന്റിന്റെ അനുമതിക്കായി സമീപിച്ചിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. കെ.എം. മാണി(റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) 1/1/1977–ന് മുമ്പ് വനഭൂമി കൈയ്യേറിയ മലയോര കർഷകർക്കുള്ള പട്ടയവിതരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

(ബി) റവന്യൂ, വനംവകുപ്പുകൾ സംയുക്തമായി പരിശോധന നടത്തി തയ്യാറാക്കിയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പതിവിന് അർഹരായവർക്ക് റവന്യൂവകുപ്പാണ് പട്ടയം നൽകുന്നത്.

(സി) പരിഗണനയിൽ ഇല്ല.

## വിദ്യാഭ്യാസ നയം

266. ശ്രീ. പിരപ്പൻകോട് മുരളി:
ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ:
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള വിദ്യാഭ്യാസ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് ഗവൺമെന്റിന്റെ പരിഗണനയിൽ ഉള്ളത്;

(സി) ഇക്കാര്യം സംബന്ധിച്ച് ഏതൊക്കെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്;

(ഡി) വിദ്യാഭ്യാസ നയത്തിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സാമുദായിക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സംഘടനകളുമായിട്ടാണ് ചർച്ച നടത്തിയിട്ടുള്ളത്;

(ഇ) ഇക്കാര്യത്തിൽ അധ്യാപക സംഘടനകളുമായോ വിദ്യാർത്ഥി സംഘടനകളുമായോ വിദ്യാഭ്യാസ വിദഗ്ദ്ധരുമായോ എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ?

**<u>ഉത്തരം</u>**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പു മന്ത്രി):-**

(എ) ഉണ്ട്.

(ബി) പൊതുവിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി സമയബന്ധിതമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ ഒരു നയരേഖ

തയ്യാറാക്കുന്നതിന് സംസ്ഥാന വിദ്യാഭ്യാസ ഉപദേശകസമിതി തീരുമാനമെടുത്തിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ താഴെപ്പറയുന്ന നയങ്ങൾ പരിഗണനയിൽ ഉണ്ട്.

1 സംസ്ഥാനത്തെ കോളേജുകളെ അക്കാഡമിക് നിലവാരത്തിന്റെയും ഭരണപരമായ മികവിന്റെയും അടിസ്ഥാനത്തിൽ മറ്റു ചില നിബന്ധനകൾക്ക് വിധേയമായി സെന്റർ ഓഫ് എക്സലൻസ് ആയി പ്രഖ്യാപിക്കാനും അവയ്ക്ക് സ്വയംഭരണാവകാശം നൽകുവാനും പദ്ധതിയുണ്ട്.

2 ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നയപരവും ഭരണപരവും ആയ കാര്യങ്ങളിൽ ഉപദേശവും ശുപാർശകളും സമർപ്പിക്കുന്നതിലേക്ക് യു.ജി.സി. നിഷ്ക്കർഷിച്ച പ്രകാരം "ഉന്നത വിദ്യാഭ്യാസ സമിതി" രൂപീകരിക്കുന്നതിനുള്ള ശുപാർശ പരിഗണനയിൽ ഉണ്ട്.

3 ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് മുൻഗണന നൽകിക്കൊണ്ടുള്ള കൂടുതൽ കോഴ്സുകളും അദ്ധ്യാപകർക്ക് ഓറിയന്റേഷൻ കോഴ്സുകളും തുടങ്ങുന്നതിനും ലാബ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കരിക്കുലം സ്വീകരിക്കുന്നതിനും, ഇൻഫർമേഷൻ ടെക്നോളജി വിപുലപ്പെടുത്തുന്നതിനും മുൻഗണന നൽകുന്നുണ്ട്.

4 എൻജിനീയറിംഗ് രംഗത്ത് സ്വാശ്രയ എൻജിനീയറിംഗ്, എം.സി.എ., ബി.എഡ് പോളിടെക്നിക്ക് എന്നീ രംഗങ്ങളിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇതുമൂലം സംസ്ഥാനത്ത് കൂടുതൽ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തുതന്നെ പഠിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കുന്നതാണ്. ഇൻഫർമേഷൻ ടെക്നോളജി വിദ്യാഭ്യാസരംഗത്ത് വിപുലമായ പല പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) പൊതു വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് അദ്ധ്യാപക സംഘടനാപ്രതിനിധികൾ ഉൾപ്പെടുന്ന സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമായിട്ടുണ്ട്. കൂടാതെ 19-6-2002-ൽ നടന്ന അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ സംസ്ഥാനതല യോഗത്തിൽ പ്രാരംഭ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) അദ്ധ്യാപക സംഘടനാപ്രതിനിധികൾ വിദ്യാഭ്യാസ വിദഗ്ധർ എന്നിവർ ഉൾപ്പെടുന്ന സംസ്ഥാന സ്കൂൾ കരിക്കുലം കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്തു തീരുമാനമായിട്ടുണ്ട്. കൂടാതെ 19-6-2002-ൽ നടന്ന അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ സംസ്ഥാന തല യോഗത്തിൽ പ്രാരംഭ ചർച്ച നടത്തിയിട്ടുണ്ട്.

## യു.ജി.സി. പാക്കേജിന് അനുസൃതമായ അധ്യയനം

267. ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ:
ശ്രീ. ടി.പി.എം. സാഹിർ:
ശ്രീ. കളത്തിൽ അബ്ദുള്ള:
ശ്രീ. സി.ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപനം, ഗവേഷണം തുടങ്ങിയ കാര്യങ്ങളിൽ യു.ജി.സി. പാക്കേജിന് അനുസൃതമായാണോ സംസ്ഥാനത്തെ കോളേജുകളിൽ അധ്യയനം നടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) യു.ജി.സി. പാക്കേജ് നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാര്യങ്ങൾ ഇനിയും നടപ്പിലാക്കാത്തതായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വെളിപ്പെടുത്താമോ;

(സി) യു.ജി.സി. സ്കീമിൽ വരുന്ന എത്ര അധ്യാപകരാണ് സംസ്ഥാനത്തുള്ളതെന്ന് വെളിപ്പെടുത്താമോ?

**ഉത്തരം**

**ശ്രീ. നാലകത്ത് സൂപ്പി (വിദ്യാഭ്യാസവകുപ്പുമന്ത്രി):-**

(എ) അധ്യാപനം, ഗവേഷണം തുടങ്ങിയ കാര്യങ്ങളിൽ യു.ജി.സി. പാക്കേജിലെ നിബന്ധനകൾക്കനുസൃതമായാണ് സംസ്ഥാനത്തും യു.ജി.സി. പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പ്രാദേശിക സാഹചര്യങ്ങൾക്കനുസൃതമായി അതാത് സംസ്ഥാന ഗവൺമെന്റുകൾക്ക് അവർക്കാവശ്യമായ ഭേദഗതി വരുത്തി നടപ്പിലാക്കാവുന്ന

പദ്ധതിയാണ് യു.ജി.സി. പദ്ധതി. അതിൻപ്രകാരം പെൻഷൻ പ്രായം 62-ന് പകരം സംസ്ഥാനത്ത് നിലവിലുള്ള 55 വയസ്സായും പെൻഷൻ ആനുകൂല്യങ്ങളും അവധിയും സംസ്ഥാനത്ത് നിലവിലുള്ള നിയമങ്ങൾക്കനുസൃതമായുമാണ് നടപ്പിലാക്കിയിരിക്കുന്നത്.

(സി) 1-1-1996-ലെ കണക്കുപ്രകാരം യൂണിവേഴ്സിറ്റികളുൾപ്പെടെ യു.ജി.സി. ശമ്പളം വാങ്ങുന്ന 14951 അദ്ധ്യാപകരാണ് സംസ്ഥാനത്തുള്ളത്.

## നേറ്റിവിറ്റി സർട്ടിഫിക്കറ്റിനുള്ള മാനദണ്ഡം

268. ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് തസ്തികകളിലേക്ക് നടത്തുന്ന ജില്ലാതല റിക്രൂട്ട്മെന്റിന് അതത് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത ഗ്രേസ് മാർക്ക് ലഭിക്കുന്നതിനായി റവന്യൂവകുപ്പിൽനിന്ന് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഒരു പ്രത്യേക ജില്ലയിൽ ജനിച്ചുവളർന്ന് മറ്റൊരു ജില്ലയിൽ സ്ഥിരമായോ താൽക്കാലികമായോ താമസിക്കുന്ന ഒരാളിന് ജനിച്ച ജില്ലയിലെ നേറ്റിവിറ്റി സർഫിക്കറ്റാണോ, സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്ന സമയത്ത് താമസിക്കുന്ന ജില്ലയിലെ നേറ്റിവിറ്റി സർട്ടിഫിക്കറ്റാണോ നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഒരാൾ ഒരു പ്രത്യേക ജില്ലയിൽ മിനിമം ഇത്ര വർഷം താമസിച്ചിരിക്കണമെന്ന വ്യവസ്ഥ ഉണ്ടോ;

(ഡി) എല്ലാ ജില്ലകളിലും നിർദ്ദിഷ്ട മാതൃകയിലുള്ള ഫോമിലാണോ ഇത്തരം സർട്ടിഫിക്കറ്റുകൾ നൽകുന്നത്;

(ഇ) ഇത്തരം സർട്ടിഫിക്കറ്റുകളിൽ ഒരാൾ ജനിച്ച വില്ലേജ്, താലൂക്ക്, ജില്ല, സർട്ടിഫിക്കറ്റ് വാങ്ങുന്ന സമയത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള വില്ലേജ്, താലൂക്ക്, ജില്ല എന്നിവയും കൂടി ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഏകീകൃതമായ രീതിയിലും നിശ്ചിത മാതൃകയിലും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉത്തരം**

**ശ്രീ. കെ.എം. മാണി (റവന്യൂവും നിയമവും വകുപ്പുമന്ത്രി):-**

(എ) പി.എസ്സ്.സി ലാസ്റ്റ്ഗ്രേഡ് തസ്തികയിലേക്ക് നടത്തുന്ന റിക്രൂട്ട്മെന്റുകളിൽ അതാത് ജില്ലകളിലെ ഉദ്യോഗാർത്ഥികൾക്ക് നിശ്ചിത ഗ്രേസ് മാർക്ക് ലഭിക്കുന്നതിനായി നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ നിലവിലില്ല. എന്നാൽ 20-2-1983-ലെ ജി.ഒ.(എം.എസ്) 205/83/റവ. ഉത്തരവ് പ്രകാരം നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുള്ളത് മേൽ ഉദ്യോഗാർത്ഥികൾക്കും ബാധകമാക്കി സർട്ടിഫിക്കറ്റ് നൽകിവരുന്നു.

(ബി) അപേക്ഷകൻ ഏത് ജില്ലയിലാണോ ജനിച്ചുവളർന്നത് ആ ജില്ലയുടെ പേര് വ്യക്തമാക്കിയാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. മറ്റൊരു ജില്ലയിൽ കുറഞ്ഞത് ആറ് മാസമെങ്കിലും താമസക്കാരനാണെങ്കിൽ താമസസ്ഥല (റസിഡൻഷ്യൽ) സർട്ടിഫിക്കറ്റാണ് നൽകുന്നത്. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്നതിന് അപേക്ഷകന്റെ മാതാപിതാക്കൾ എവിടെ സ്ഥിര താമസമാക്കിയിരിക്കുന്നു എന്നുള്ളതും പരിഗണിക്കാറുണ്ട്.

(സി) അഞ്ച് വർഷത്തിൽ കൂടുതൽ താമസിക്കുന്നവർക്കാണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകിവരുന്നത്.

(ഡി) നിർദ്ദിഷ്ട മാതൃകയിലല്ല എല്ലാ ജില്ലകളിലും സർട്ടിഫിക്കറ്റ് നൽകുന്നത്. എന്നാൽ സർട്ടിഫിക്കറ്റുകളിൽ അപേക്ഷകന്റെ പേര് മാതാവിന്റെ/പിതാവിന്റെ പേര്/വീട്ടു പേര്/നമ്പർ, വില്ലേജ്, താലൂക്ക്, ജില്ല എന്നിവയും എന്ത് ആവശ്യത്തിനാണ് സർട്ടിഫിക്കറ്റ് എന്നത് രേഖപ്പെടുത്തി നൽകിവരുന്നു.

(ഇ) നേറ്റിവിറ്റി സർട്ടിഫിക്കറ്റിൽ ഒരാൾ ജനിച്ച വില്ലേജ്, താലൂക്ക്, ജില്ല, സർട്ടിഫിക്കറ്റ് വാങ്ങുന്ന സമയത്ത് സ്ഥിരതാമസമാക്കിയിട്ടുള്ള വില്ലേജ്, താലൂക്ക്, ജില്ല എന്നിവയും കൂടി ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഏകീകൃതമായ രീതിയിലും നിശ്ചിത മാതൃകയിലും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

********